(എച്ച്) സൊസൈറ്റി നടത്തുന്ന റിസേർച്ചിനെയും ക്ഷേമ പ്രവർത്തനങ്ങളേയും കുറിച്ച് ഒരു ലഘു വിവരണം നൽകുമോ ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ജനതാ പേവാർഡുകൾ 2,13,288 രൂപ ചെലവുചെയ്തു 1998 ഫെബ്രുവരി മാസത്തിലും കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രി/ജില്ലാ ആശുപത്രിയിലെ ജനതാ വാർഡ് 1,22,423 രൂപ ചെലവുചെയ്ത് 1998 ജനുവരി മാസത്തിലും, പഴയ പേവാർഡ് 1,32,957 രൂപ മുടക്കി 1998 മാർച്ച് മാസത്തിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ പഴയ പേവാർഡിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പേവാർഡുകൾ അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരം ഇപ്രകാരമുള്ള റദ്ദാക്കൽ നടപടി സ്വീകരിക്കേണ്ടി വരുന്നുണ്ട്.

(ഡി) അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(ഇ) ദുരുപയോഗം തടയുന്നതിനായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വസ്ത്രങ്ങൾ അലക്കി കിട്ടുന്നതിന് കാലതാമസം വരുന്ന സന്ദർഭങ്ങളിൽ ബെഡ്ഷീറ്റിനും മറ്റും കുറവ് സംഭവിക്കാറുണ്ട്.

(ജി) സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) കുറഞ്ഞ ചെലവിൽ രോഗികൾക്ക് പേവാർഡുകളിൽ താമസ സൗകര്യം ഏർപ്പെടുത്തുകയാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. കൂടാതെ രോഗ പരിശോധനയ്ക്കും, ചികിത്സയ്ക്കുമുള്ള ഏതാനും സംവിധാനങ്ങൾ കൂടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയെല്ലാം സാധുരോഗികൾക്ക് സൗജന്യം അനുവദിച്ചിട്ടുണ്ട്. നിർദ്ധനരായ കാൻസർ ശിശുരോഗികൾക്ക് ഔഷധം വാങ്ങാൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് 1998-ൽ രണ്ടു ലക്ഷം രൂപ നൽകി. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററുമായി സഹകരിച്ച് റേഡിയോളജിയിൽ കോഴിക്കോട് സി.റ്റി സ്കാൻ യൂണിറ്റിൽ പഠന ഗവേഷണങ്ങൾ ഇപ്പോൾ നടത്തി വരുന്നുണ്ട്.

സാധാരണക്കാർക്ക് ചികിത്സയ്ക്കു വേണ്ടിവരുന്ന ഭാരിച്ച ചെലവ് കുറയ്ക്കാൻ നടപടി

152 (3342) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യശാസ്ത്രരംഗത്തുണ്ടായ പുതിയ കണ്ടു പിടിത്തങ്ങളും പുതിയ ചികിത്സാ സമ്പ്രദായങ്ങളും കാരണം കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ആരോഗ്യ സംരക്ഷണത്തിന് വമ്പിച്ച സാമ്പത്തികബാധ്യത വേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കാനിംഗ്പോലെ അത്യധികം ചെലവുള്ള ചികിത്സാ പദ്ധതികളിൽ ജനങ്ങൾ ആകൃഷ്ടരാകുന്നതായും അടിച്ചേൽപ്പിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശരിയായ ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് സാധാരണ ജനങ്ങളിൽ ബോധവൽക്കരണം നടത്താനും ചെലവുകുറഞ്ഞ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കാനിംഗ് പോലുള്ള പരിശോധനകൾ ആധുനികചികിത്സാ രംഗത്ത് അനിവാര്യമാണ്. ഇത് യാതൊരു കാരണവശാലും രോഗികളിൽ അടിച്ചേൽപ്പിക്കാറില്ല. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് ഇത്തരം ടെസ്റ്റുകൾ നടത്തുവാൻ ഡോക്ടർമാർ രോഗികളോട് നിർദ്ദേശിക്കുന്നത്. കഴിയുന്നത്ര ചെലവ് കുറഞ്ഞ രീതിയിൽ ഈ സൗകര്യങ്ങൾ ചെയ്യാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

(സി) ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് സാധാരണ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യപരമായ കാര്യങ്ങൾ, ചെലവുകുറഞ്ഞ ചികിത്സാവിധികൾ മറ്റ് ആരോഗ്യസേവനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് 3220 എം.എസ്. എസ്. (മഹിളാ സ്വസ്ത് സംഘങ്ങൾ) കേരളത്തിൽ വളരെ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആരോഗ്യ വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർ ഇവർക്കാവശ്യമായ മാർഗ്ഗ ദർശനം നൽകുന്നുണ്ട്.

ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

153 (3343) ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) 1960-ലെ കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിലെ 50-ാം ചട്ടപ്രകാരം സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് ഡ്യൂട്ടി സമയം കഴിഞ്ഞാൽ സ്വവസതിയിൽ രോഗികളെ നോക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly